ചെക്ക്പോസ്റ്റുകളിലെ അഴിമതി അവസാനിപ്പിക്കാൻ നടപടി

24(*200) ശ്രീ. റോഷി അഗസ്റ്റിൻ:

ശ്രീ. തോമസ് ചാഴികാടൻ:

ശ്രീ. കെ. നാരായണക്കുറുപ്പ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധന കാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ചെക്ക്പോസ്റ്റുകളിൽ വ്യാപകമായി അഴിമതി നട ക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതു സംബന്ധിച്ച് എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെ ചെക്ക്പോസ്റ്റു കളിലെ അഴിമതി അവസാനിപ്പിക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) സംസ്ഥാനത്തെ ചെക്ക്പോസ്റ്റുകൾ കമ്പ്യൂട്ടർവൽക്കരിക്കാൻ അടി യന്തിര നടപടി സ്വീകരിക്കുമോ?

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ):

(എ) അഴിമതിയെക്കുറിച്ച് ചില പരാതികൾ ലഭിച്ചിട്ടുണ്ട്.

(ബി) ചെക്ക്പോസ്റ്റുകളിൽ ഇൻസ്പെക്ടർമാരെ റൊട്ടേഷൻ അടിസ്ഥാ നത്തിൽ നിശ്ചിത കാലയളവിലേക്കാണ് നിയമിക്കുന്നത്. ചെക്ക്പോസ്റ്റുകൾ കടന്നുവരുന്ന വാഹനങ്ങൾ ഇന്റലിജൻസ് വിഭാഗം വീണ്ടും പരിശോധിച്ച് നടപടി സ്വീകരിക്കുന്നു. ചെക്ക്പോസ്റ്റുകളിൽ പോലീസിന്റെ വിജിലൻസ് വിഭാഗവും, നികുതി വകുപ്പിന്റെ ഇന്റലിജൻസ് വിഭാഗവും മിന്നൽ പരിശോധന നടത്തി ക്രമക്കേടുകൾ കാണിക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ ശിക്ഷണനടപടികൾ സ്വീകരിക്കുന്നു. ചെക്ക്പോസ്റ്റുകളിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പ്രവേശനനികുതി അതത് ഓഫീസുകളിൽ അടയ്ക്കാൻ നിയമത്തിൽ ഭേദഗതി വരുത്താൻ നടപടി എടുത്തുവരുന്നു.

(സി) ചെക്ക്പോസ്റ്റുകളിലെ ചരക്ക് വാഹന പരിശോധന കാര്യക്ഷമമാ ക്കുന്നതിന് സ്കാനിംഗ് മെഷീൻ തടുങ്ങിയ ആധുനിക സംവിധാനങ്ങൾ സ്ഥാപി ക്കുന്ന കാര്യം പരിശോധിച്ചുകൊണ്ടിരിക്കുന്നു.

(ഡി) വൈദ്യുതി ലഭ്യമായ എല്ലാ ചെക്ക്പോസ്റ്റുകളിലും കമ്പ്യൂട്ടർ സ്ഥാപി ച്ചിട്ടുണ്ട്. ഇതിന്റെ നെറ്റ്വർക്കിംഗ് പൂർത്തിയാക്കുന്നതിന് തീവ്രയജ്ഞം നടത്തിവ രികയാണ്.

LIBRARY ARCHIVES Kerala Legislative Assembly